# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 605  09.07.2014-ൽ മറുപടിക്ക്**

**പാസഞ്ചർ വാഹനങ്ങളിലൂടെയും ട്രെയിൻ വഴിയുമുള്ള അനധികൃത ചരക്ക് കടത്ത്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) | പാസഞ്ചർ വാഹനങ്ങളിൽ സാധനങ്ങൾ കടത്തുന്നത് മോട്ടോർ വാഹന ചട്ടങ്ങളുടെ ലംഘനമാണ്. സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങൾ വഴി അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയുന്നതിന് വേണ്ടി അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ വരുന്ന പാസഞ്ചർ വാഹനങ്ങളെ കർശന പരിശോധനയ്ക്ക് വിധേയമാക്കാൻ ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രെയിനുകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും രേഖകളില്ലാതെ വരുന്ന സാധനങ്ങൾ പിടിച്ചെടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാർസൽ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്. ട്രെയിനുകളിൽ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് കണ്ടെത്തി നടപടി എടുക്കുന്ന |

| | | | |
|---|---|---|---|
| | | | തിനായി പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ പാഴ്സൽ ഓഫീസിനു സമീപം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ സ്ഥിരമായുള്ള ബൂത്തുകൾ റെയിൽവേയുടെ സഹകരണ ത്തോടെ പ്രവർത്തിക്കുന്നുണ്ട്. ട്രെയിൻ വഴി ചരക്ക് കടത്തുന്ന വർ ഓൺലൈനായി ചരക്കുക ളുടെ വിശദാംശങ്ങൾ ഡിക്ലയർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് കണ്ടെത്തി സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കു വാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലു ണ്ടെന്ന് വിശദമാക്കുമോ; | (ബി) | പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും സാധനങ്ങൾ കടത്തുന്നവർക്കെതിരെ കേരള വാണിജ്യ നികുതി നിയമം അനുശാസിക്കുന്ന ജാമ്യത്തുക, പിഴ എന്നിവ ഈടാക്കുവാൻ സംവിധാനം നിലവിലുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ് നിയമമനുസരിച്ചുള്ള നട പടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇതിനെതിരെ കർശന നടപടി എടുക്കാൻ വകുപ്പിനെ ശക്തി പ്പെടുത്തുന്ന കാര്യം പരിഗ ണിക്കുമോ; | (സി) | ഇതിനെതിരെ നടപടികൾ എടു ക്കാൻ വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പ്രാപ്തമാണ്. സംസ്ഥാനത്ത് ഇപ്പോൾ 75 ഇന്റ ലിജൻസ് സ്ക്വാഡുകളും 81 ചെക്ക്പോസ്റ്റുകളും ഇതിനെ തിരെ നടപടികൾ എടുത്തുവരു ന്നു. അതിനാൽ ഇത്തരം നികുതി വെട്ടിപ്പ് നിയന്ത്രിക്കു വാൻ വകുപ്പ് സജ്ജമാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപ ടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | അതിർത്തി കടന്നുവരുന്ന പാസ ഞ്ചർ വാണിജ്യ വാഹനങ്ങൾ എന്നിവ കർശന പരിശോധ നയ്ക്ക് വിധേയമാക്കുവാൻ ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കള്ളക്കടത്ത് സാധനങ്ങൾ പിടി |

| | | | |
|---|---|---|---|
| | | | കൂടുന്ന അവസരത്തിൽ നിയമം 47 (2) അനുശാസിക്കുന്ന നോട്ടീസ് നൽകി ജാമ്യത്തുക, പിഴ എന്നിവ ഈടാക്കുവാൻ സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റ ലിജൻസ് സ്ക്വാഡുകളും സ്പെഷ്യൽ സ്ക്വാഡുകളും മറ്റും നിരന്തരമായി പരിശോധന നടത്തുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**